**ഇഹ്സാൻ**

# ഉദരനിമിത്തം ബഹുകൃതവേഷം

**തസ്ലീമാ** നസ്റീന്റെ നേർക്കു ആക്രമണം അഴിച്ചുവിട്ട ഹൈദരാബാദിലെ മജ്ലിസെ ഇത്തിഹാദുൽ മുസ്ലിമീൻ (എം.ഐ.എം) എം.എൽ.എമാർ ചെയ്ത പ്രവൃത്തി പരക്കെ വിമർശിക്കപ്പെടുകയാണ്. മതത്തെയല്ല, മറിച്ച് സ്വന്തം അധികാര തട്ടകത്തെയാണ് ഇവർ സംരക്ഷിച്ചതെന്നാണ് വ്യക്തമാവുന്നത്. അടുത്ത വർഷം ആദ്യം നടക്കാനിരിക്കുന്ന ഹൈദരാബാദ് മുനിസിപ്പൽ തെരഞ്ഞെടുപ്പിനു മുന്നോടിയായി നഗരത്തിൽ സാന്നിധ്യമറിയിക്കാൻ എം.ഐ.എം കണ്ടെത്തിയ വിലകുറഞ്ഞ തന്ത്രമായിരുന്നു തസ്ലീമാ ആക്രമണം. എം.ഐ.എമ്മിന് തസ്ലീമയും മറിച്ചും 'ഒരാൾക്കു മറ്റെയാൾ തുണ'യായെന്നു മാത്രം. ഇരുട്ടിന്റെ കാമുകനായി ലണ്ടനിൽ വർഷങ്ങൾ ജീവിച്ച് മടുത്തപ്പോൾ അമേരിക്കയിലേക്ക് അഭയാർഥിയായി നാടുവിട്ട കാലത്ത് ലഭിച്ച 'നൈറ്റ്ഹുഡ്' പുരസ്കാരം സൽമാൻ റുശ്ദിയെ പുനരുജ്ജീവിപ്പിച്ചതുപോലെയായി തസ്ലീമക്ക് ഓർക്കാപ്പുറത്ത് കിട്ടിയ ഈ കസേരയേറ്. സർ പദവി ലഭിച്ചില്ലായിരുന്നെങ്കിൽ റുശ്ദിയെ കുറിച്ച് കേൾക്കാനുള്ള ദുര്യോഗം ആഗോളജനതക്ക് അടുത്ത കാലത്തൊന്നും ലഭിക്കുമായിരുന്നില്ല. ശല്യമുണ്ടാക്കുമ്പോഴല്ലാതെ സമൂഹത്തിൽ സാന്നിധ്യമറിയിക്കാൻ കഴിവില്ലാത്ത തസ്ലീമയുടെ കാര്യവും ഇതുതന്നെ. 'ചപ്പടാച്ചി' നിലവാരത്തിൽനിന്ന് നോവലെഴുത്ത് ഇനിയും പുറത്തുകടന്നിട്ടില്ലാത്ത ഈ 'അക്ഷരത്തൊഴിലാളി' പൊടുന്നനെ ആഗോള മാധ്യമങ്ങളിൽ ഇടംകണ്ടെത്തി. മുൻകാലങ്ങളിലെ പോലെ സാഹിത്യവുമായി ബന്ധപ്പെട്ട കാരണങ്ങളായിരുന്നില്ല ഇക്കുറിയും തസ്ലീമയെ തലക്കെട്ടുകളിൽ നിലനിർത്തിയത്. സാഹിത്യത്തിന്റെ രാഷ്ട്രീയവുമായായിരുന്നു വിവാദത്തിന് ബന്ധം.

എം.ഐ.എമ്മിന്റെ 'മതമൗലികവാദ'ത്തെ കുറിച്ച ചോദ്യങ്ങൾക്ക് ഹൈദരാബാദ് എം.പി അസദുദ്ദീൻ ഉവൈസി നൽകിയ മറുപടി പക്ഷേ വിചിത്രമാണ്. അത് മതത്തേക്കാളേറെ രാഷ്ട്രീയമായാണ് മാറുന്നത്. ഇസ്ലാമിന്റെ പ്രവാചകനെ വിമർശിക്കുക എന്നതിലപ്പുറം മറ്റെന്തെങ്കിലും കഴിവോ യോഗ്യതയോ ഇല്ലാത്ത ഒരാളെ സമൂഹം ആഘോഷിക്കുന്നത് ആ മതത്തിൽ വിശ്വസിക്കുന്നവരുടെ അവകാശത്തെ ചോദ്യം ചെയ്യലാണെന്നും ഇന്ത്യയെ പോലൊരു ബഹുമത രാജ്യത്ത് തസ്ലീമ നസ്റീൻ ഒട്ടും അഭിമതയായ വ്യക്തിയല്ലെന്നും ഉവൈസി ചൂണ്ടിക്കാട്ടി. രാഷ്ട്രീയ അഭയാർഥിയായി ജീവിക്കുമ്പോൾ പാലിക്കേണ്ട നടപടിച്ചട്ടങ്ങൾ തസ്ലീമ പാലിക്കുന്നില്ല. ദലൈലാമക്ക് ചൈനയോട് അങ്ങേയറ്റത്തെ ശത്രുതയുണ്ടെന്ന് എല്ലാവർക്കുമറിയാമെങ്കിലും ഇന്ത്യയിൽ വെച്ച് ചൈനാ വിരോധം പ്രചരിപ്പിക്കാൻ അദ്ദേഹം ഒരിക്കലും ശ്രമിച്ചിട്ടില്ല. ഇതാണ് ശരിയായ മാതൃക. അഭയാർഥി ജീവിതത്തിന്റെ ഈ രാഷ്ട്രീയ മര്യാദ തസ്ലീമ പാലിക്കാത്തതാണ് അവർക്കു നേരെ പ്രതിഷേധമുയരാൻ കാരണം. സംഘാടകർ അവസരം നൽകിയിരുന്നുവെങ്കിൽ അവർക്കെതിരെ രാഷ്ട്രീയമായി പ്രതിഷേധമുയർത്തുക മാത്രമേ എം.ഐ.എം ചെയ്യുമായിരുന്നുള്ളൂ. പക്ഷേ ചില ഇടതുപക്ഷ ബുദ്ധിജീവികൾ തസ്ലീമയെ എങ്ങനെയെങ്കിലും നഗരത്തിൽ അവതരിപ്പിക്കാൻ ഉപജാപം നടത്തി, അതനുവദിക്കാൻ കഴിയില്ല. ഇത്തരമൊരു പരിപാടി നഗരത്തിൽ നടക്കുന്ന വിവരം അവർ പോലീസിനെയോ അധികാരികളെയോ അറിയിച്ചിരുന്നില്ല. അവസാനഘട്ടത്തിലാണ് എം.ഐ.എം പ്രവർത്തകർ പോലും സംഭവമറിഞ്ഞത്. മജ്ലിസെ ഇത്തിഹാദുൽ മുസ്ലിമീൻ രാഷ്ട്രീയ സംഘടനയാണെങ്കിലും അതിലെ ഓരോ അംഗത്തിനും സ്വന്തം മതവിശ്വാസം സംരക്ഷിക്കാനുള്ള അവകാശമുണ്ട്. എതിരാളികൾ ഞങ്ങളുടെ മതവിശ്വാസം കൊണ്ട് രാഷ്ട്രീയം കളിക്കുകയാണ് ചെയ്യുന്നത്- സി.പി.എമ്മിനെ ഉദ്ദേശിച്ച് ഉവൈസി കുറ്റപ്പെടുത്തി.

ഹൈദരാബാദിൽ അദ്ദേഹത്തിന്റെ പാർട്ടിക്കാർ ചെയ്തതും അത്രയേയുള്ളൂ. മതവിശ്വാസികളായ എം.ഐ.എമ്മുകാർ പ്രവാചകസ്നേഹം മുഴുത്ത് രംഗത്തിറങ്ങിയതല്ല തസ്ലീമ ആക്രമിക്കപ്പെടാനുണ്ടായ കാരണം. രാഷ്ട്രീയ ലക്ഷ്യങ്ങളായിരുന്നു അതിനു പിന്നിൽ. നഗരത്തിലെ മുസ്ലിം പോക്കറ്റുകളിലേക്ക് സി.പി.എം അതിസമർഥമായി കടന്നുകയറാൻ ശ്രമിച്ചതോടെ ഉവൈസി കുടുംബത്തിന്റെ അപ്രമാദിത്വം പഴയ നഗരത്തിൽ പോലും ചോദ്യംചെയ്യപ്പെടുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. തികഞ്ഞ കുടുംബാധിപത്യമാണ് എം.ഐ.എമ്മിനകത്ത് നടക്കുന്നത്. മറുപക്ഷത്ത് കോൺഗ്രസ് എതിരിടാൻ രംഗത്തില്ലാത്തതാണ് ഇത്രയും കാലം എം.ഐ.എമ്മിന് പിടിച്ചുനിൽക്കാൻ വഴിയൊരുക്കിയതും. പക്ഷേ സി.പി.എം രംഗത്തെത്തിയതോടെ ഉവൈസിമാർ വിയർക്കാൻ തുടങ്ങിയിട്ടുണ്ട്. പാർട്ടിയുടെ എല്ലാ പ്രക്ഷോഭങ്ങളും പശ്ചിമബംഗാൾ സർക്കാറിനെതിരെ തിരിച്ചുവിടേണ്ട അവസ്ഥയിലാണ് ഇപ്പോഴവർ. ആന്ധ്രപ്രദേശിലെ കോൺഗ്രസ്സുകാർ നന്ദിഗ്രാം സംഭവത്തെ കുറിച്ച് നടത്തിയ പ്രതിഷേധത്തേക്കാൾ കടുത്തതായിരുന്നു എം.ഐ.എം നടത്തിയ പ്രചാരണ പരിപാടികൾ. ഉവൈസി നേരിട്ട് നന്ദിഗ്രാം സന്ദർശിക്കുക പോലുമുണ്ടായി. കർഷകരുടെ ഭൂമി പിടിച്ചെടുത്ത് ഇടതു സർക്കാർ മുതലാളിമാർക്ക് തീറെഴുതുന്നു എന്ന വീക്ഷണകോണിൽനിന്നുകൊണ്ടല്ല അവർ വിഷയം കൈകാര്യം ചെയ്തത്. മുസ്ലിം കർഷകരുടെ ഭൂമിയാണ് ഇടതു സർക്കാർ പിടിച്ചുവാങ്ങിയതെന്നും ബംഗാളിൽ മുസ്ലിംകൾ വേട്ടയാടപ്പെടുകയാണെന്നുമാണ് ഇത്തിഹാദുൽ മുസ്ലിമൂൻ ഉയർത്തിയ ആരോപണം. തസ്ലീമ നസ്റീൻ പ്രതീകമായത് ഇവിടെയാണ്. കമ്യൂണിസ്റ്റ് സർക്കാറിന്റെ മുസ്ലിംവിരോധത്തിന്റെ കൂടി ഭാഗമായാണ് ബുദ്ധദേവ് ഭട്ടാചാര്യ തസ്ലീമക്ക് കൊൽക്കത്തയിൽ അഭയം കൊടുക്കുന്നത് എന്നാണ് അക്ബറുദ്ദീൻ ഉവൈസി കുറ്റപ്പെടുത്തുന്നത്. ഈ രാഷ്ട്രീയക്കളികളുടെ ഗുണഭോക്താവാകുന്നത് എണ്ണക്കും പിണ്ണാക്കിനും കൊള്ളാത്ത ചവറു കൃതികളാണെന്നത് വല്ലാത്ത ദൗർഭാഗ്യമാണ്. തസ്ലീമാ സാഹിത്യങ്ങളുടെ മാർക്കറ്റ് ഒന്നുകൂടെ വർധിക്കാനാണ് എം.ഐ.എം നീക്കം സഹായകമാവുന്നത്. സ്വന്തം എം.എൽ.എമാരെ നേരിട്ട് പറഞ്ഞയച്ച് എം.ഐ.എം ബഹളമുണ്ടാക്കിയിരുന്നില്ലെങ്കിൽ ഹൈദരാബാദിലെ ആ പുസ്തക പ്രകാശന ചടങ്ങ് നഗരത്തിനു പുറത്ത് ഒരു കുഞ്ഞുപോലും അറിയില്ലായിരുന്നു.

വാർത്താസമ്മേളന വേദിയിൽ സംവിധായകരുടെ ജുബ്ബയുടെ അറ്റം പിടിച്ച് വെറുമൊരു 'പാത്തുമ്മ'യായി വെപ്രാളപ്പെട്ടു നിൽക്കുന്ന തസ്ലീമാ നസ്റീന്റെ പടം കാണാൻ നല്ല ചന്തമുണ്ടായിരുന്നു. മരണഭയം മുഖത്ത് പച്ചകുത്തിയതു പോലെ പതിഞ്ഞുകിടന്ന ഈ ചിത്രങ്ങളിൽ പഴയ 'വീരനായിക'യുടെ ദയനീയമായ ഭാവമാണ് നമ്മൾ കണ്ടത്. ബംഗ്ലാദേശിലെ മതമൗലികവാദി മുല്ലകളോടും മുസ്ലിം പുരുഷവർഗത്തോടും 'ധീരധീരം' പോരാടിയ, പിന്തിരിപ്പന്മാരുടെ തനിപ്രതീകമായിരുന്ന ഭർത്താവിനെ ജീവിതത്തിൽനിന്ന് തൊഴിച്ച് പുറത്തെറിഞ്ഞ, ലക്ഷ്യസാക്ഷാൽക്കാരത്തിനായി പാശ്ചാത്യ രാജ്യങ്ങളിൽ ഏകയായി കാമ്പയിൻ നടത്തിയ, മുസ്ലിംവനിതയുടെ വിമോചനത്തിന്റെ ആഗോള പ്രതീകമായി മാറിയ തസ്ലീമക്കാണ് കുറേ വൃദ്ധന്മാരെ പരിചകളാക്കി മുന്നിൽ നിർത്തി തടിരക്ഷപ്പെടുത്തേണ്ടിവന്നത്. ആണുങ്ങളെ പോലെ വേഷം കെട്ടുകയും നാവിട്ടടിക്കുകയും മാത്രമല്ല ഫെമിനിസ്റ്റ് വിപ്ലവമെന്ന് ഇപ്പോഴെങ്കിലും അവർക്കു മനസ്സിലായിക്കാണും. വയറ്റുപ്പിഴപ്പിനല്ല ആദർശം പ്രസംഗിക്കുന്നതെങ്കിൽ തസ്ലീമ ചെയ്യേണ്ടിയിരുന്നത് അന്തസ്സായി ഈ അടികൾ ഏറ്റുവാങ്ങലാണ്, 'മരണത്തെ ഇതുപോലെ തൊട്ടടുത്ത് കണ്ട മറ്റൊരവസരം ഉണ്ടായിട്ടില്ല' എന്ന് കൊൽക്കത്തയിലെ മാളത്തിലിരുന്ന് പ്രസ്താവനയിറക്കുകയല്ല. വയറ്റുപ്പിഴപ്പിന്റെ ഓരോ ഏർപ്പാടുകൾ എന്നല്ലാതെ എന്തു പറയാൻ! ■